## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 115** **08.02.2016 ൽ മറുപടിക്ക്.**

**കാരുണ്യ ബനവലന്റ് പദ്ധതിപ്രകാരം സ്വകാര്യ ആശുപത്രികൾക്ക് നല്കുവാനുള്ള തുക**

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പാവപ്പെട്ടവർക്ക് ചെലവേറിയ ചികിത്സനടത്തുന്നതിന് സഹായം ലക്ഷ്യമിട്ട കാരുണ്യ ലോട്ടറി നടത്തിപ്പുവഴി ഇതു വരെ എത്ര കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്; | എ) | കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ലോട്ടറികളുടെ ചെലവുകൾ കഴിച്ചുള്ള അറ്റാദായമാണ് കാരുണ്യ ചികിത്സാ സഹായ പദ്ധതിയ്ക്കായി വിനിയോഗിക്കുന്നത്. കാരുണ്യ ലോട്ടറിയുടെ അറ്റാദായം 546.30 കോടി രൂപയും, കാരുണ്യ പ്ലസ് ലോട്ടറിയുടെ അറ്റാദായം 250.37 കോടി രൂപയുമാണ്. |
| ബി) | പ്രസ്തുത തുകയിൽ നിന്നും കാരുണ്യ ബനവലന്റ് സ്കീം പ്രകാരം എത്ര പേർക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ; ഇതിൽ സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് അനുവദിച്ച തുക എത്രയാണ്; ബാക്കി തുക എന്തിനുപയോഗിച്ചു എന്ന് വിശദമാക്കുമോ; | ബി) | കാരുണ്യ ബനവലന്റ് സ്കീം പ്രകാരം അനുവദിച്ചിട്ടുള്ള ധനസഹായം സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-എ ആയി ചേർത്തിട്ടുണ്ട്. ഇതിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന 14130 രോഗികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ സ്വകാര്യ ആശുപത്രികൾക്കുള്ള തുക ചികിത്സ നടത്തിയ ക്ലെയിം ലഭിച്ചതിനു ശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. ഇത്തരത്തിൽ 61.70 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. കാരുണ്യ പദ്ധതിയിൽ നിന്നും സർക്കാർ/സ്വകാര്യ ആശുപത്രികളുടെ ചികിത്സാ ചെലവിനു പുറമെ റീഇംബേഴ്സ്മെന്റ്, പ്രത്യേകാനുമതി പ്രകാരമുള്ള അപേക്ഷകർക്ക് തുക, ഹീമോഫീലിയ, ഒറ്റതവണ സമാശ്വാസ ചികിത്സ എന്നിവയ്ക്കും തുക അനുവദിച്ചിട്ടുണ്ട്. |
| സി) | എത്ര സ്വകാര്യ ആശുപത്രികളിലെ ഏതൊക്കെ വിഭാഗം | സി) | ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

| | | | |
|---|---|---|---|
| | ചികിത്സകളാണ് കാരുണ്യ ബനവലന്റ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്; പട്ടിക ലഭ്യമാക്കാമോ; | | (-അനുബന്ധം- -ബി) |
| ഡി) | കാരുണ്യ ബനവലന്റ് സ്കീം പ്രകാരം സ്വകാര്യ ആശുപത്രികളിൽ നടത്തിയ ചികിത്സയ്ക്ക് ആശുപത്രികൾക്ക് പണം ലഭ്യമാക്കാൻ കാലതാമസം നേരിട്ടിട്ടുണ്ടോ; ആയതിന്റെ പേരിൽ സംസ്ഥാനത്തെ പല ആശുപത്രികളിലും കാരുണ്യ ബനവലന്റ് സ്കീമിൽ രോഗികൾക്ക് ചികിത്സ നിഷേധിക്കുന്നതായ മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഡി) | 14 ജില്ലകളിൽ നിന്നും ലഭിക്കുന്ന ആയിരക്കണക്കിന് അപേക്ഷകൾ യഥാസമയം പ്രോസസ്സ് ചെയ്ത് പരിശോധി ക്കുന്നതിന് മതിയായ സ്ഥിരം ജീവനക്കാർ ഇല്ലാത്തതുകൊണ്ടാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. എന്നാൽ ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽ നിന്നും ഇതിനായി പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുത ഗതിയിൽ നടന്നുവരുന്നു. എന്നാൽ കാലതാമസം നേരിടുന്നതിനാൽ കെ.ബി.എഫ്.പദ്ധതി പ്രകാരമുള്ള രോഗികൾക്ക് ചികിത്സ നിഷേധിക്കുന്നതായിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഇ) | കാരുണ്യ ബനവലന്റ് പദ്ധതിപ്രകാരം സ്വകാര്യ ആശുപത്രികൾക്ക് ഇനിയും തുക നൽകേണ്ടതായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ ആശുപത്രികൾക്കായി എന്തു തുക വീതമാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ; | ഇ) | ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം- -സി) |
| എഫ്) | പ്രസ്തുത തുക നൽകുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | | ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽ നിന്നും കുടിശ്ശികയായിട്ടുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്